കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനലൂർ നഗരസഭാ ബസ് സ്റ്റാന്റ് നിർമ്മാണത്തിനുവേണ്ടി നൽകിയ സ്ഥലത്തിന് അധികമായി നിശ്ചയിച്ച തുക നൽകാൻ അനുമതി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം. 3928 /2017/തസ്വഭവ തിരുവനന്തപുരം, തീയതി : 06/12/2017.

---

വായന:- 1. പുനലൂർ നഗരസഭാ ചെയർമാന്റെ 30/10/2017 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ 4.30 നമ്പർ തീരുമാനം

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭാ ബസ് സ്റ്റാന്റ് നിർമ്മാണത്തിനുവേണ്ടി 12.14 ആർ സ്ഥലം പൊന്നും വിലയ്ക്ക് എടുത്തിട്ടുള്ളതും കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പിന്നീട് ടി സ്ഥലത്തിന് 12,05,270/-രൂപ വില കൂടി അധികമായി നിശ്ചയിച്ചുവെന്നും ടി തുക നൽകാൻ ബഹു.ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടെന്നും തനത് ഫണ്ടിൽ തുക കുറവായതിനാൽ ടി തുക പ്ലാൻ ഫണ്ടിൽ നിന്നും സ്ഥലം ഉടമയ്ക്ക് നൽകാൻ അനുമതി നല്കണമെന്നും വായന(1) ലെ കത്തിലൂടെ പുനലൂർ നഗരസഭാ ചെയർമാൻ ആവശ്യപ്പെടുകയുണ്ടായി.

2) 15/11/2017-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇക്കാര്യം പരിശോധിച്ച് കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭാ ബസ് സ്റ്റാന്റ് നിർമ്മാണത്തിനുവേണ്ടി പൊന്നും വിലയ്ക്ക് എടുത്തിട്ടുള്ളതും കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പിന്നീട് 12,05,270/-രൂപ വില കൂടി അധികമായി നിശ്ചയിച്ചതുമായ 12.14 ആർ സ്ഥലത്തിന്റെ ഉടമയ്ക്ക് തനത് ഫണ്ട് ഉപയോഗിച്ച് തുക നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. നഗരസഭയ്ക്ക് തനത് ഫണ്ട് ലഭ്യമല്ല എന്ന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ പശ്ചാത്തല മേഖലയിൽ നിന്ന് ധനവകുപ്പിന്റെ അനുമതിയോടുകൂടി പ്ലാൻ ഫണ്ട് നൽകുന്നതിന് അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ/സെക്രട്ടറി, പുനലൂർ മുനിസിപ്പാലിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഒ.എസ്) വകുപ്പ് (ഡി.ബി 2/382/17)
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ